(ബി) പരാതിയിൻമേൽ അസ്വാഭാവിക മരണം എന്ന ശീർഷകത്തിൽ കൈം 21/94-ാം നമ്പരായി കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കേസ് ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302, 49 (എ) വകുപ്പുകൾ പ്രകാരം കോടതിക്ക് റിപ്പോർട്ട് കൊടുക്കുകയും സീനയുടെ ഭർത്താവിന്റെ അമ്മ കാർത്ത്യായനിയേയും സീനയുടെ ഭർത്താവ് ശിവദാസനേയും 16-2-1996-ാം തീയതി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി അവരെ റിമാൻഡിൽ വയ്ക്കാൻ ഉത്തരവാകുകയും ചെയ്തു. 27-2-1996-ാം തീയതി സെഷൻസ് കോടതി പ്രതികൾക്ക് നിബന്ധനകളോടുകൂടി ജാമ്യം അനുവദിച്ചു. കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി 1-3-1996-ാം തീയതി ഡ്രാഫ്റ്റ് ചാർജ് പബ്ലിക് പ്രോസിക്യൂട്ടറുടെ അംഗീകാരത്തിനയച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

അകാരണമായി മർദ്ദിച്ചവർക്കെതിരെ നടപടി

39 [1155] ശ്രീ. സി. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര തിരുപുറം പഞ്ചായത്തിൽ പതിനാലാം നമ്പർ ഹരിജൻ കോളനിയിൽ താമസക്കാരായ ചിലരെ പൂവാർ എസ്. ഐ. അകാരണമായി മർദ്ദിച്ചതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) തിരുപുറം ഹരിജൻ കോളനിയിൽ പത്മാക്ഷിയുടെ മരുമകൻ ശശി എന്ന ജോസഫിനെ പൂവാർ പി. എസ്. കൈം 4/96 യു/എസ് 15 (1) (11) കേരള ഗെയിമിംഗ് ആക്ട് പ്രകാരമുള്ള കേസിലേക്ക് അറസ്റ്റ് ചെയ്തതുകൊണ്ട് കളവായി ഇപ്രകാരം ഒരു ആരോപണം ഉന്നയിച്ചതാണെന്ന് വെളിവായതിനാൽ മേൽനടപടി സ്വീകരിച്ചിട്ടില്ല.

നേഴ്സിംഗ് അസിസ്റ്റന്റ് മർദ്ദിച്ചതായ പരാതി

40 [1156] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ കാവനൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗിയുമായി ചെന്നയാളെ 13-1-1996-ൽ ആശുപത്രിയിലെ നേഴ്സിംഗ് അസിസ്റ്റന്റ് മർദ്ദിച്ചതായ പരാതി അരീക്കോട് പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതിയുടെമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly